**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**09 December 2017 (08 Rabi-'ul-Awwal 1438 Hijira)**

## "THE CONCEPT OF REVELATION (PART 1) / വെളിപ്പാടിന്റെ പൊതുധാരണ (പാർട്ട് 1)

വിശുദ്ധഖുർ ആനിൽ അല്ലാഹു (ത) പറയുന്നു. പറയുക **അല്ലാഹു അല്ലാതെ ആകാശങ്ങളിലും ഭൂമിയിലുള്ളവരാരും അദൃശ്യം അറിയുന്നില്ല. അവരെപ്പോഴാണ് പുനരുത്ഥാനം ചെയ്യപ്പെടുക എന്ന കാര്യവും അവരറിയുന്നില്ല. യഥാർത്ഥത്തിൽ പരലോകത്തെ സംബന്ധിച്ചുള്ള അവരുടെ അറിവ് തികച്ചും അവസാനിച്ചിരിക്കുന്നു. മാത്രമല്ല, അവരതിനെ സംബന്ധിച്ച് സംശയത്തിലാണ്. അത്രയുമല്ല, അവരതിനെ സംബന്ധിച്ച് അന്ധരാണ്** (27: 66,67)

ഈ രണ്ട് വചനങ്ങൾ, മനുഷ്യ അറിവിന്റെ പരിമിതിയെ വിശദീകരിക്കുവാൻ വേണ്ടി ഉപയോഗിച്ചിരിക്കുന്നു. മാനവകുലം ബൗദ്ധികമായി എത്ര ഉന്നതിയിലായാലും അത് പ്രശ്നമല്ല. മതത്തിന്റെ അടിസ്ഥാനപരമായ രണ്ട് വിശ്വാസങ്ങളെ ഒരിക്കലും തെളിയിക്കുവാൻ കഴിയുകയില്ല. അതായത് ദൈവത്തിന്റെ നിലനില്പ് സംബന്ധമായും മരണാനന്തരജീവിതത്തെക്കുറിച്ചും ! ഈ രണ്ട് ആശയങ്ങളിലും എപ്പോഴും നാം സംശയത്തിലായിരിക്കും അഥവാ വിശുദ്ധ ഖുർ ആൻ പ്രസ്താവിച്ചിരിക്കുന്നതുപോലെ, അവയെ സംബന്ധിച്ച് നാം അന്ധരായിരിക്കും. ഈ രണ്ടു കാര്യങ്ങളുടെ പൂർണ്ണ വിശദീകരണം മനുഷ്യ കഴിവിനപ്പുറമുള്ളതാകുന്നു. എന്നിരുന്നാലും, ദൈവം നിലനില്ക്കുന്നു എന്ന് നാം വിശ്വസിച്ചുകൊണ്ടിരിക്കുന്നു. മരണാനന്തരം ഒരു ജീവിതമുണ്ടെന്നും ഈ ദൈവീക അറിവിനും, അതിലുള്ള നമ്മുടെ വിശ്വാസത്തിനുമിടയിലുള്ള ബന്ധം എന്താണ്? അതാണ്, നാം പറയുന്ന വെളിപാടുകൾ! മനുഷ്യ മനസ്സിൽ ഒരുറപ്പ് സൃഷ്ടിക്കുവാൻ ദൈവീക വെളിപാടുകൾക്ക് കഴിയുന്നതാണ്. മാനവജ്ഞാനത്തിന് കഴിയുന്നതാണ് ; ഏറ്റവും നല്ല ഒരു നിഗമനത്തിലെത്തിച്ചേരുവാൻ സാധിക്കുന്നതാണ്, അതായത് ഒരു ദൈവീക സത്ത ഉണ്ടാകേണ്ടതാണെന്നും, മരണാനന്തരം ഒരു ജീവിതം ഉണ്ടാകേണ്ടതാണന്നും ! ഇതിനു മാറ്റം വരുത്തുവാൻ ദൈവീക വെളിപാടിനു മാത്രമെ സാധിക്കുകയുള്ളു. അതായത് ആ സത്യത്തെ ഉറപ്പിക്കുന്നത് ദൈവീക വെളിപാടുകളാണ്.

വാഗ്ദത്ത മസീഹിന്റെ ചില രേഖകൾ നിങ്ങളുടെ മുൻപാകെ വെയ്ക്കുകയാണ്. ലോകത്തുള്ള അഹ്മദികളെല്ലാം അതിൽ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ ലേഖനത്തിൽ വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) വിവരിക്കുന്നു. അതായത് ഈ പ്രപഞ്ചത്തെ മൂന്ന് വിഭാഗങ്ങളായി തരം തിരിക്കാവുന്നതാണ്.

1. നമ്മുടെ ഭൗതിക ഇന്ദ്രിയ ശക്തിയാൽ നമുക്ക് കാണുവാൻ കഴിയുന്നതും വെളിവാകുന്നതുമായ ലോകം.

2. മറയപ്പെട്ടു കിടക്കുന്ന ലോകം, അത് ചിന്തയിലൂടെയും, അനുമാനത്തിലൂടെയും മാത്രമെ മനസ്സിലാക്കുവാൻ കഴിയുകയുള്ളു.

3. മറഞ്ഞു കിടക്കുന്ന ലോകത്തിനുമപ്പുറം മറഞ്ഞുകിടക്കുന്ന ലോകം ഈ ലോകം അതിസൂക്ഷ്മമായ ഒരു ലോകമാണ്. ഇതിനെ സംബന്ധിച്ച് വളരെ ചുരുക്കം പേർക്ക് മാത്രമെ ബോധ്യമായിട്ടുള്ളു. എന്നാൽ സംശുദ്ധമായ അനുമാനത്തിലൂടെ എത്താവുന്നതുമാണ്. ദൈവീക വെളിപാടിലൂടെ മാത്രമെ ഈ ലോകത്തെക്കുറിച്ച് ഗ്രഹിക്കുവാൻ കഴിയുകയുള്ളു. ഇപ്പോൾ നാം ഒരു ചോദ്യത്തിലെത്തിച്ചേർന്നിരിക്കുന്നു. എന്താണ് വെളിപാട്?

ഇസ്ലാം മതതത്വജ്ഞാനത്തിലൂടെ, വാഗ്ദത്ത മസീഹ് (അ) വെളിപാടുകൾക്ക് നല്കുന്ന വിശദീകരണം ഇപ്രകാരമാണ്. ദൈവം തെരഞ്ഞെടുക്കുന്ന ഒരു ദാസനുമായി, അഥവാ ആരോട് അവൻ സംസാരിക്കണമെന്ന് ആഗ്രഹിക്കുന്നുവോ അവനോട്, ജീവിച്ചിരിക്കുന്നതും ശക്തിമത്തായതുമായ വാക്കുകളാൽ സംഭാഷണം നടത്തുന്നു. ഈ സംഭാഷണത്തെയാണ് വെളിപാട് എന്ന് പറയുന്നത്.

ഈ ലോകത്തിൽ, ദൈവീക വെളിപാടുകല്ലാത്ത അതുല്യനായ ദൈവത്തെപ്പറ്റി ഗ്രഹിക്കുവാനുള്ള മറ്റുസമുന്നതമായ ഒരു വഴിയുമില്ല. ഈ അവസ്ഥയിൽ ആത്മാക്കൾ പരിപൂർണ്ണമായും സംതൃപ്തിയിലായിരിക്കും. എല്ലാവിധ സംശയങ്ങളും ദൂരികരിക്കപ്പെട്ടിരിക്കും. ഈ അവസ്ഥയിൽ ഒരു വ്യക്തി എത്തിച്ചേരുമ്പോൾ തന്റെ സൃഷ്ടി ഉദ്ദേശ്യം എന്താണെന്നവൻ അറിയുന്നു. ഈ അവസ്ഥ സ്വർഗ്ഗത്തിലേക്കുള്ള താക്കോലാണ്, ഈ അവസ്ഥയിൽ തന്റെ സൃഷ്ടാവ് ദുർബലനായ തന്റെ സൃഷ്ടിയുമായി എത്രത്തോളം അടുപ്പത്തിലാണെന്നവൻ അറിയുന്നു. അപ്പോൾ സൃഷ്ടി പറയുന്നു. വെളിപാട് മറഞ്ഞിരിക്കുന്നവന്റെ ഒരു സന്ദേശമാണ്. അതൊരിക്കലും അഗാധമായ ചിന്തയിൽ നിന്നും രൂപപ്പെടുന്നതല്ല. ഇതിന്റെ പേരിൽ ആത്മാവ് ഏതെങ്കിലും തരത്തിലുള്ള ആത്മീയ ഭൂമി കീഴടക്കുന്നില്ല. എന്നാൽ ഒരു കാമുകൻ കാമുകിയെ കാണുമ്പോഴുള്ള സന്തോഷം ! വെളിപാടിലൂടെ ആത്മാവിന് അനന്തമായ ഒരു ബന്ധം ഉണ്ടാകുന്നു. ! ദൈവത്തിൽ നിന്നുള്ള മധുരതരമായ സന്തോഷത്തെയാണ് വെളിപാട് എന്ന് പറയുന്നത്

വെളിപാടിനുള്ള വിശദീകരണം സുവ്യക്തമാക്കി കഴിഞ്ഞ സ്ഥിതിക്ക് നമുക്ക് അടുത്ത ചോദ്യത്തി ലേക്ക് നീങ്ങാം **വെളിപാടിന്റെ ആവശ്യമുണ്ടോ?** മനസ്സു ഉന്നയിക്കുന്ന ചോദ്യരൂപത്തിൽ ഇതിന്റെ ഉത്തരം നമ്മിലേക്ക് വരുന്നു. ഭൗതിക വ്യവസ്ഥയിൽ ദൈവം എന്തൊക്കെ നട്ടിട്ടുണ്ടോ, അവകൾക്കുള്ള തൃപ്തിക്കു വേണ്ടിയുള്ള വഴികളും തുറന്നിട്ടുണ്ട് എന്ന് നമ്മുടെ ചുറ്റുപാടു കൾ നിരീക്ഷിച്ചാൽ ബോധ്യമാകുന്നതാണ്. മനുഷ്യശരീരത്തിന് വിശപ്പ് അനുഭവപ്പെടുന്നു. അപ്പോൾ അതിന് ആഹാരം വേണം മനുഷ്യശരീരത്തിനാവശ്യമായ വിവിധ തരം ഭക്ഷണങ്ങൾ ദൈവം പ്രദാനം ചെയ്തിരിക്കുന്നു. ശ്വസനത്തിന് മനുഷ്യന് വായു വേണം, മറ്റുള്ളവരുടെ ശബ്ദം കേൾക്കുന്നതിനും വായു വേണം. അതിനായി ദൈവം വായ് നല്കിയിരിക്കുന്നു. അതേ രീതിയിൽ പുരുഷന് ഒരു ഇണയെ ആവശ്യമുണ്ട്. അതിന് സ്ത്രീയെ നല്കിയിരിക്കുന്നു. അത് തിരിച്ചുമാകാം. ചുരുക്ക ത്തിൽ മനുഷ്യ ശരീരത്തിൽ ദൈവത്തിന്റെ ഇച്ഛപ്രകാരം എന്തൊക്ക നിക്ഷേപിച്ചുവോ, അവയുടെ സംതൃപ്തക്കായുള്ള വഴികളും തുറന്നിട്ടുണ്ട്. **നശ്വരമായ മനുഷ്യശരീരത്തിനു വേണ്ടി, അവയുടെ ഇച്ഛകളുടെ പൂർത്തീകരണത്തിനായി, ഇത്തരം ഏർപ്പാടുകളൊക്കെ ചെയ്തിരിക്കെ, ആത്മാവിന്റെ പരി ശുദ്ധമായ ഇച്ഛാ പൂർത്തികരണത്തിനായി എത്രമാത്രം ചെയ്തിരിക്കണം.** ആത്മാവ് അതിന്റെ അനന്ത മായ സ്നേഹത്തിനും, അംഗീകാരത്തിനും ദൈവീകാരാധനയ്ക്കുമായി ആഗ്രഹിക്കുന്നു. അപ്പോൾ മനസ്സിലാക്കുക ആത്മവിന്റെ ആഹാരമാണ് ദൈവീക വെളിപാടുകൾ ! ദൈവീക ദൃഷ്ടാന്തങ്ങൾ വ്യക്തിയുടെ അവ്യക്തമായ അറിവിൽ നിന്നും സുവ്യക്തമായ അറിവിലേക്കുള്ള പ്രയാണമാണത് ! ശരീരത്തിന്റെ സംതൃപ്തിക്കായി ആഹാരവിഭവങ്ങൾ നല്കിയിരിക്കുന്നു. അതേ നിലയിൽ തന്നെ, ആത്മാവിന്റെ പരിപോഷണത്തിനായുള്ള ഏർപ്പാടുകളും ചെയ്തിരിക്കുന്നു. അപ്പോൾ മാത്രമേ ശാരീ രകമായ വ്യവസ്ഥിതിയും ആത്മീയ വ്യവസ്ഥിതിയും സമരസപ്പെട്ടു പോവുകയുള്ളു.

നമ്മിൽ പൂർണ്ണമായ നിലയിൽ ഗ്രഹണശേഷിയാകുന്ന ഭാഗം ഇല്ലാത്ത നിലയിലാണ് സൃഷ്ടി കൃത്യം നടത്തിയിരിക്കുന്നത് എന്ന് പറഞ്ഞ് നിരാകരിക്കുവാൻ ബുദ്ധിമാനായ മനുഷ്യന് യുക്ത്യാ നുസരണം ചിന്തിച്ചാൽ സാധിക്കുകയില്ല. അലങ്കാര ബഹുലമായ ചോദ്യം ചോദിക്കപ്പെടുകയാണ്. **മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് ദൗർഭാഗ്യവാനായിട്ടാണോ ? ഈ ലോകത്ത് പൂർണ്ണസംതൃപ്തി കരഗത മാകാതെ നിരാശനായി കഴിയുവാനാണോ?** അവന്റെ ആത്മാവ് ഇച്ഛിക്കുന്നതും അവന്റെ ഹൃദയം അഭിലഷിക്കുന്നതും ദൈവത്തെ അംഗീകരിക്കുന്നതിനല്ലേ ? ഇതിന്റെ ഉത്തരം തീർച്ചയായും നിരാ കരിക്കുന്നതിനല്ല, അംഗീകരിക്കുന്നതിനാണ് എന്നുതന്നെ ആയിരിക്കും.

ദൈവീക വെളിപാടിന്റെ ആവശ്യകത തെളിയിച്ചശേഷം, നാം തീർച്ചയായും അത് ലഭ്യമാകുന്ന വഴിയിലേക്ക് ചലിക്കേണ്ടതുണ്ട്. വാഗ്ദത്ത മസീഹ് ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) ന്റെ അഭിപ്രായമനുസരിച്ച്, ദൈവ വചനം എന്ന നിലയിൽ എന്തെങ്കിലും സ്വീകരിക്കുന്നതിന് മുമ്പ്, നാം 3 വ്യവസ്ഥകൾ തീർച്ചയായും പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.

1. പ്രസ്തുത വാക്ക് വിശുദ്ധഖുർആന് എതിരാകാരുത്

2. ആരുടെ ആത്മാവ് സമ്പൂർണ്ണമായും പരിശുദ്ധമായിരിക്കുന്നുവോ, അത്തരം വ്യക്തിയിലൂടെ ആയിരിക്കണം ആ വാക്ക് അവതരിച്ചിട്ടുള്ളത്. പ്രസ്തുത വ്യക്തി തന്റെ ഇച്ഛകളിൽ നിന്ന് മുക്തായിരിക്കുകയും, ദൈവ സാമിപ്യത്താൽ ഒരു മരണം തന്നെ വരിക്കുകയും, സാത്താനിൽ നിന്ന് വളരെ വിദൂരത്തായിരിക്കുകയും വേണം.

3. ദൈവപ്രവർത്തിയാൽ പ്രസ്തുതവാക്കുകൾ പരീക്ഷിക്കപ്പെടുന്നതാണ്, കാരണം ദൈവീക വെളിപാട് സ്വീകർത്താവ്, ദൈവത്തിന്റെ പേരിലാണ് പ്രസ്തുത വാക്ക് ചേർക്കപ്പെട്ടിരിക്കുന്നത്. അതായത് ധാരാളം അടയാളങ്ങൾ അദ്ദേഹം പറയുന്ന വാക്കുകളെ പിന്താങ്ങിക്കൊണ്ട് സംഭവിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത വ്യക്തിയുടെ സത്യതയെ നിരാകരിക്കുന്നവർ ബുദ്ധിക്ക് സ്ഥിരതയില്ലാത്തവരായിരിക്കും. മറ്റെല്ലാ വ്യവസ്ഥകൾക്കും ഉപരിയായി ഈ വ്യവസ്ഥ നിലകൊള്ളുന്നു എന്ന് വാഗ്ദത്ത മസീഹ് (അ) അവകാശപ്പെടുന്നു. കാരണം ഈ വ്യവസ്ഥ തികച്ചും സമ്പൂർണ്ണമായ വ്യവസ്ഥയാണ്. ആർക്കും അത് നിഷേധിക്കുവാൻ സാധിക്കുകയില്ല. ഈ വ്യവസ്ഥയിലൂടെയാണ്, ദൈവത്തിന്റ യഥാർത്ഥ പ്രവാചകന്മാർ ദുർജ്ജനങ്ങളെ അതിജയിച്ചിട്ടുള്ളത്. ദൈവവചനം തനിക്ക് ലഭിക്കുന്നു എന്ന് ഒരാൾ വാദിക്കുമ്പോൾ, ആ വാക്കുകളോടൊപ്പം നൂറുകണക്കിന് അടയാളങ്ങളും പ്രത്യക്ഷപ്പെടുന്നു. ആയിരക്കണക്കിന് പിന്താങ്ങലുകളും ദൈവീക സഹായവും പ്രത്യക്ഷമാകുന്നു. ദൈവം അവന്റെ ശത്രുക്കളെ പരസ്യമായി ആക്രമിക്കുന്നു. അപ്പോൾ അത്തരം വ്യക്തിയെ അസത്യവാദി എന്ന് ആർക്കാണ് അവകാശപ്പെടുവാൻ കഴിയുക? (തത്തിമ്മ ഹഖിഖത്തുൽ വഹ്‌യ് പേജ് 102)

എന്നാൽ വെളിപാടുകൾ പ്രവാചകന്മാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല. നല്ലവർക്ക് മാത്രമായും നിജപ്പെടുത്തിയിട്ടില്ല. വെളിപാടുകൾ ലഭിക്കുന്നവരെ മൂന്ന് വിഭാഗമായി തിരിക്കാവുന്നതാണ്.

1. **സർവ്വശക്തനായ ദൈവവുമായി യാതൊരുബന്ധവുമില്ലാത്തവരും പ്രത്യേകിച്ച് യാതൊരു നന്മയും ഇല്ലാത്തവരുമായ, ഇത്തരം ആളുകൾ അവരുടെ ബൗദ്ധിക കച്ചവടലാക്കുകളാൽ, ചില ശരിയായ സ്വപ്നങ്ങളിലൂടെയും ദർശനങ്ങളിലൂടെയും രംഗത്തുവരുന്നു. അവർക്ക് പ്രത്യേകമായി യാതൊരു പ്രയോജനവും ലഭ്യവുമില്ല.** ഇൻശാ അല്ലാഹ് ! അടുത്തയാഴ്ചയും എന്റെ ഈ പ്രസംഗം തുടരുവാനുള്ള തൗഫീഖ് നല്കി അനുഗ്രഹിക്കട്ടെ ! ഇൻശാ അല്ലാഹ് ! രണ്ടും മൂന്നും വിഭാഗങ്ങളിൽപെടുന്നവരെ സംബന്ധിച്ച് ഞാൻ വിവരിക്കുന്നതാണ്. ഇപ്പോൾ ഞാനിത് ഇവിടെ നിർത്തുന്നു. നിങ്ങളുടെ ഹൃദയങ്ങളെ അവന്റെ മധുരഭാഷണങ്ങളാൽ പ്രകാശ പൂരിതമാക്കട്ടെ, സംശുദ്ധമായ ഹൃദയങ്ങളിൽ അതു പുരോഗമിക്കട്ടെ! എന്റെ നിഷ്കളങ്ക നിസ്വാർത്ഥ അനുയായികളെ, ശിഷ്യരെ, സത്യാന്വേഷകരെ ! ദൈവീക കാരുണ്യവും മഹത്വവുമാകുന്ന ഉറവിടങ്ങളിൽ ആഴ്ന്നിറങ്ങുവാൻ അവൻ നിങ്ങളെ സഹായിക്കട്ടെ ! ആമീൻ

## പ്രഖ്യാപനങ്ങൾ

1. ആദ്യമായി, ഞാൻ അല്ലാഹുവിന് അധികമായി നന്ദിരേഖപ്പെടുത്തുകയാണ്, ഈ മഹത്തായ ജോലി ചെയ്യുന്നതിന് അവൻ എനിക്ക് നൽകിയ യാത്ര പ്രാർത്ഥനയാൽ ഈ പ്രവർത്തിയിൽ പങ്കുചേർന്ന ജമാഅത്തുസ്സ്വഹീഹിൽ ഇസ്ലാമിലെ എല്ലാ അംഗങ്ങളെയും ഞാൻ ഇത്തരുണത്തിൽ ഓർക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നടത്തപ്പെട്ടതായിരുന്നു ഈ യാത്ര ! 19 ദിവസം ! 5 രാജ്യങ്ങളിൽ !

**1. സിംഗപ്പൂർ** **2. ഇൻഡോനേഷ്യ**

**3. തായ്ലന്റ്** **4. ചൈന** **5. മലേഷ്യാ**

അല്ലാഹുവിന്റെ അതി മഹത്തായ അനുഗ്രഹത്താൽ, ഇസ്ലാമിന്റെ സന്ദേശവും, ഈ നൂറ്റാണ്ടിൽ അല്ലാഹു തെരഞ്ഞെടുത്ത ഒരാളിലൂടെയുണ്ടായ ദൈവീക ദൃഷ്ടാന്തവും ! **(അല്ലാഹു അദ്ദേഹത്തെ ഒരു ജമാഅത്തുമായി ഉയർത്തിയിരിക്കുന്നു–ജമാഅത്തുസ്സ്വഹീഹിൽ ഇസ്ലാം)** അതിന്റെ പ്രബോധനം വിജയകരമായി പ്രബോധിക്കുകയുണ്ടായി. ഈ വലിയ അഞ്ച് രാജ്യങ്ങളിൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ജനങ്ങൾ വളരെ താല്പര്യത്തോടെയും, ആത്മാർത്ഥതയോടെയുമാണ് സ്വാഗതം ചെയ്തത്. ജമാ അത്തുസ്സഹീഹിൽ ഇസ്ലാം ഔദ്യോഗികമായി സ്ഥാപിക്കുകയും ചെയ്തു. ഇപ്പോൾ നമ്മുടെ അംഗങ്ങൾ അവിടെ അവരുടെ ജോലികൾ തുടരുന്നു. **അല്ലാഹുവിന്റെ അതി മഹത്തായ അനുഗ്രഹത്താൽ അസാധാരണമായ പല സംഭവങ്ങളും ഉണ്ടായി. അല്ലാഹുവിന് മാത്രമാണ് അറിയാവുന്നത് എവിടെയാണ് സംശുദ്ധമായ ഹൃദയങ്ങളുള്ളതെന്ന്! സത്യന്വേഷകരും എവിടെയാണുള്ളതെന്ന്!**

സത്യദാഹമുള്ള അവർ, ഈ നൂറ്റാണ്ടിൽ അല്ലാഹുവിന്റെ പ്രതിനിധിയെ കാത്തിരിക്കുകയായിരുന്നു. അവർ അദ്ദേഹത്തെ നേരിട്ടുകണ്ടു. ഇതിനായി അവർ പ്രാർത്ഥിച്ചിരുന്നു. അല്ലാഹു (ത) അവരുടെ പ്രാർത്ഥന കേട്ടു അവരിൽ നിന്നതു സ്വീകരിച്ചു. ഈ 5 രാജ്യങ്ങളിൽ ഞാൻ യാത്ര ചെയ്തപ്പോൾ ഉണ്ടായ അസാധാരണമായ അനുഭവങ്ങളും, ദൈവീക ദൃഷ്ടാന്തങ്ങളും വിവരിക്കുവാൻ, ഈ വെള്ളിയാഴ്ച ഖുത്തുബയിലൂടെ പ്രയാസമാണ്. ഈ ദൃഷ്ടാന്തങ്ങൾ എഴുതിവയ്ക്കുവാൻ ഞാൻ അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇൻശാ അല്ലാഹ് ! സമയം ആസന്നമാകുമ്പോൾ, അത് വെബ്സൈറ്റിലൂടെ നിങ്ങൾക്ക് ലഭിക്കുന്നതാണ്. ഞാനി പറയുന്നതൊക്കെ സ്വയം പുകഴ്ത്തലോ, അഹംഭാവമോ/പരുഷതയോ അല്ല ! അല്ലേ അല്ല ! (ഞാനിതു പറയുന്നത്) നമ്മുടെ മറ്റു അംഗങ്ങളുടെ വിശ്വാസം വർദ്ധിക്കുന്നതിനു വേണ്ടിയുള്ള ഒരു മാർഗ്ഗം എന്ന നിലയിലാണ്. ഇൻശാ അല്ലാഹ്!

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇൻഡോനേഷ്യയിലെ ഒരു ചെറിയ സ്ഥലത്ത് വെള്ളിയാഴ്ച ഖുത്തുബ ഞാൻ നിർവ്വഹിക്കുകയുണ്ടായി. അവിടെ നമ്മുടെ ഇമാം, ഊർജ്ജ സ്വലനായ യുവാവ് എന്റെ വെള്ളിയാഴ്ച ഖുത്തുബ സംഗ്രഹം ഇൻഡോനേഷ്യൻ ഭാഷയിൽ കേൾപ്പിക്കുകയുണ്ടായി

## Brief of Friday Sermon 25 November 2016 (Indonesia) /

### 25 നവംബർ 2016 ലെ ജുംആ ഖുത്തുബയുടെ സംഗ്രഹം (ഇൻഡോനേഷ്യയിൽ)

ഇന്നത്തെ എന്റെ ജുംആ ഖുത്തുബ **ജുംആയുടെ പ്രധാന്യം** എന്ന വിഷയത്തെ ആസ്പദമാക്കിയാകുന്നു. സ്ത്രീകൾക്കും പെൺകുട്ടികൾക്കും അവർക്ക് ഉചിതമായി സ്ഥലം അനുവദിക്കുകയും ജുംആയുടെ അനുഗ്രഹങ്ങളിൽ പങ്കുകൊള്ളുവാൻ അവസരം നല്കുകയും ചെയ്യേണ്ടതിന്റെ പ്രധാന്യത്തെക്കുറിച്ച് വിശദീകരിക്കുകയുണ്ടായി. ഒരു പ്രത്യേക അദ്ധ്യായം തന്നെ വിശുദ്ധഖുർ ആനിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. അതിൽ അല്ലാഹു (ത) പറഞ്ഞിട്ടില്ല അല്ലയോ പുരുഷന്മാരെ എന്ന് ! മറിച്ച് അല്ലാഹു പറഞ്ഞത് അല്ലെയോ വിശ്വാസികളെ, എല്ലാ വിശ്വാസികളും അതിൽ പുരുഷന്മാരും, സ്ത്രീകളും, ആൺകുട്ടികളും,പെൺകുട്ടികളും എല്ലാവരും ഉൾപ്പെടുന്നു. അങ്ങനെ വിശ്വസിക്കുന്നവരെ / വിശ്വാസികളെ എന്ന അഭിസംബോധന വിശ്വാസികളും വിശ്വാസിനികളുമായ എല്ലാ പുരുഷന്മാരും സ്ത്രീകളും അതിൽ ഉൾപ്പെടുന്നു. പിന്നെന്തേ, സ്ത്രീകളുടെ മുൻപിൽ പള്ളികളുടെ കവാടങ്ങൾ ജുംആയ്ക്കുവേണ്ടി അടയ്ക്കപെടുന്നത് ? ജുംആ ദിവസം പുരുഷന്മാർ ജുംആയ്ക്കുവേണ്ടി പള്ളികളിലും സ്ത്രീകൾ വീട്ടിലോ, അല്ലെങ്കിൽ തെരുവിലോ ആയിരിക്കാം, അല്ലെങ്കിൽ ഷോപ്പിംഗ് മാളിലായിരിക്കാം ; അപ്പോൾ പിന്നെ ഈ മാതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഏതുരീതിയിലുള്ള വിദ്യാഭ്യാസമാണ് പകർന്നു നല്കുവാൻ കഴിയുക ? ഭാവിതലമുറയ്ക്ക് നല്കുവാൻ കഴിയുക.

കാരണം മാതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളുടെ പ്രാഥമിക അദ്ധ്യാപികമാരാണ്. അവർക്ക് ഹജ്ജിനും ഉംറയ്ക്കും പോകുവാനു അവിടെ ജുംആ നിർവ്വഹിക്കുവാനും കഴിയുന്നുവെങ്കിൽ, പിന്നെന്തുകൊണ്ടാണ് വെള്ളിയാഴ്ച ജുംആകളിൽ നിന്നും അവരെ ആട്ടിപുറത്താക്കുന്നത് ?

## Brief of Friday Sermon 02 December 2016 (China) /
## 02 ഡിസംബർ 2016 ലെ ജുംആ ഖുത്തുബയുടെ സംഗ്രഹം (ചൈനയിൽ)

രണ്ടാമത്തെ വെള്ളിയാഴ്ച ഖുത്തുബ നിർവ്വഹിച്ചത് ചൈനയിലെ, ഗുആൻഗ്ഷൂവിലെ, ബയ്യൂൻ പർവ്വതത്തിലായിരുന്നു. പ്രധാനമായും അവിടെ സംസാരിച്ചത് ഇസ്ലാം ഒരു സമ്പൂർണ്ണമതം എന്ന വിഷയത്തെ സ്പർശിച്ചായിരുന്നു. പ്രസ്തുത മതത്തിൽ ഒരു സമ്പൂർണ്ണ ഗ്രന്ഥമുണ്ട് / വിശുദ്ധഖുർആൻ. ഇസ്ലാമിലെ ഒരു വിശ്വാസി എന്നതുകൊണ്ടർത്ഥമാക്കുന്നത് അല്ലാഹു നിയോഗിച്ച എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുന്നതിലൂടെയാണ്. ഒരാളെയും ഒഴിവാക്കാവതല്ല ഹസ്രത് ബുദ്ധൻ (അ) ദൈവത്തിന്റെ ഒരു പ്രവാചകനാണെന്ന് നാം വിശ്വസിക്കുന്നു. ദൈവം എന്ന നിലയിലല്ല ! യേശു (അ) മിലും നാം വിശ്വസിക്കുന്നു. ദൈവമായിട്ടല്ല ദൈവത്തിന്റെ പുത്രനായിട്ടുമല്ല, മറിച്ച് ദൈവം ഇസ്റായീൽ ജനതയ്ക്കായി നിയോഗിച്ച മസീഹ് ആയിട്ടാണ് നാം വിശ്വസിക്കുന്നത് (മൂസാ (അ) ന്റെ ദൗത്യം തുടരുന്നതിനായി

**മലേഷ്യയിൽ** വെള്ളിയാഴ്ച ഖുത്തുബ നടത്തിയില്ലെങ്കിലും, ജമാ അത്തസ്സഹീഹിൽ ഇസ്ലാമിലെ പുതിയ അംഗങ്ങൾ എന്റെ ഒരു പ്രസംഗം ശ്രവിക്കുന്നതിനായി ഒരുമിച്ചു കൂടുകയുണ്ടായി അതവരെ വളരെയധികം സ്വാധീനിക്കുകയുണ്ടായി. ഈ വൈകാരിക പ്രസംഗത്തിൽ മുസ്ലിംകൾ എങ്ങനെയാണ് സൗഹാർദ്ദത്തിലും, സമാധാനത്തിലും, വിഭാഗിയതയില്ലാതെ കഴിയേണ്ടത് എന്ന് ഊന്നിപ്പറയുകയുണ്ടായി. അല്ലാഹുവിന്റെ പാശത്തെ നാമെല്ലാവരും മുറുകെ പിടിക്കേണ്ടതുണ്ട്. നാം ചിന്നഭിന്നമായി പോകരുത്. അതുപോലെ അവിശ്വാസികൾ നമ്മെ വിവിധ ചേരികളിലാക്കുവാൻ അനുവദിക്കുകയുമരുത്. പ്രയാസമനുഭവിക്കുന്ന സഹോദരീ സഹോദന്മാരെ നാം സഹായിക്കണം. അവർ അവരുടെ രാജ്യം ഉപേക്ഷിച്ച് ഇവിടേക്ക് കുടിയേറി പാർക്കുകയാണ്. അവർ തെരുവിൽ യാചകരായി അലയുകയാണ്. ഇത് തീർച്ചയായും ഇസ്ലാമിന് മോശമായ പ്രതിച്ഛായയാണ് നല്കുന്നത് ആയതിനാൽ നിങ്ങൾ ആ സഹോദരീ സഹോദന്മാരെ സഹായിക്കുക.

അവരുടെ രാജ്യം ഒരു ഇസ്ലാമിക രാജ്യമായിരിക്കെ ! (ഭൂരിഭാഗവും മുസ്ലീംകളാണ്) അല്ലാഹു (ത) ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ ഉയർത്തിയിരിക്കുകയാണ്, ജമാ അത്തുസ്സഹീഹിൽ ഇസ്ലാം ഇവിടെ സ്ഥാപിതമായിരിക്കുകയാണ് (മലേഷ്യാ) ഇത് നിങ്ങൾക്ക് വളരെ വലിയ ഒരനുഗ്രഹമാണ്. അല്ലാഹു (ത) ഇതിലൂടെ നിങ്ങൾക്ക് ഊർജ്ജം പകർന്നു നല്കിയിരിക്കുകയാണ്; ഈ നിസ്സഹായകരായ സഹോദരീസഹോദരന്മാരെ ഈ കഷ്ടതയിൽ നിന്നും കരകയറ്റുന്നതിനായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഈ അഞ്ച് രാജ്യങ്ങളിലും, അല്ലാഹു (ത) വളരെ വലിയ വിജയമാണ് പ്രദാനം ചെയ്തിരിക്കുന്നത്. വിശിഷ്യാ ആത്മീയതയുടെ പാതയിൽ ! അൽഹ്ദുലില്ലാഹ് ! സുമ്മ അൽഹംദുല്ലില്ലാഹ് !

**ഞാൻ മൗറിഷ്യസിൽ വീട്ടിൽ മടങ്ങി എത്തിയപ്പോൾ, വളരെ വ്യസനത്തോടെ എനിക്കറിയാൻ കഴിഞ്ഞത് നാസിർ അഹ്മദ് സുൽത്താനി സാഹിബിന്റെ മകന്റെ മരണവാർത്തയാണ്.** അദ്ദേഹത്തിന്റെ മകൻ മുഹമ്മദ് സുൽത്താനി 2016 നവംബർ 29 ന് 2 –ാം മത്തെ വയസ്സിൽ മരണപ്പെട്ടിരിക്കുന്നു. **ഇന്നാലില്ലാഹി വഇന്നാ ഇലൈഹിറാജിഊൻ.** ഈ ദുഃഖസന്ദർഭത്തിൽ അദ്ദേഹത്തിനും കുടുംബത്തിനും അല്ലാഹു (ത) ക്ഷമയും ധൈര്യവും പ്രദാനം ചെയ്യട്ടെ. രക്ഷിതാക്കൾക്ക് ഒരു മകൻ നഷ്ടമാകുന്നത് ഒരിക്കലും ഒരു നിസ്സാരകാര്യമല്ല. മക്കൾ നഷ്ടമായവർക്ക് മാത്രമെ ആ നഷ്ടം എന്താണെന്ന് മനസ്സിലാവുകയുള്ളു. മറ്റുള്ളവരുടെ ദൗർഭാഗ്യത്തിൽ ഒരാളും സന്തുഷ്ടരാകരുത് ! ഇന്ന് അത് അദ്ദേഹത്തിന് സംഭവിച്ചു. എന്നാൽ നാളെ നിങ്ങൾക്കെന്തു സംഭവിക്കുമെന്ന് നിങ്ങൾക്കറിയില്ല. വേദനയാൽ / ദൗർഭാഗ്യത്താൽ പ്രയാസപ്പെടുന്നവർക്കായി പ്രാർത്ഥിക്കുക. ഒരു യഥാർത്ഥ മുസ്ലീം ചെയ്യേണ്ടത് ഇതുതന്നെയാണ്. ഞങ്ങൾ കുട്ടിയായ മുഹമ്മദ് സുൽത്താനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ജന്നത്തുൽ ഫിർദൗസിൽ അല്ലാഹു (ത) നല്ല ഒരിടം പ്രദാനം ചെയ്യട്ടെ ! ആമീൻ.

എന്റെ പേരിലും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ പേരിലും നാസിർ അഹ്മദ് സുൽത്താനിസാഹിബിനും കുടുംബത്തിനും ആത്മാർത്ഥമായ അനുശോചനം അറിയിക്കുകയാണ്.


**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**